പി.ഡബ്ലിയു.ഡി.യിൽ നിന്ന് പി.എച്ച്.ഇ.ഡി.യി. ലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെട്ട ജൂനിയർ എഞ്ചിനീയർമാർ

905 [1661] ശ്രീ. സി. എഫ്. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-1-1970 മുതൽ 1-10-1971 വരെയുള്ള കാലഘട്ടത്തിൽ പി.ഡബ്ലിയു.ഡി. യിൽ നിന്നും ജൂനിയർ എഞ്ചിനീയർമാരെ പി.എച്ച്. ഇ.ഡി. യിലേക്ക് ഇൻറർ ഡിപ്പാർട്ടുമെൻറൽ ട്രാൻസ്ഫർ മുഖേന നിയമനം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിയമനത്തിന് എത്ര അപേക്ഷകർ ഉണ്ടായിരുന്നു; അപേക്ഷകർ ആരെല്ലാം;

(സി) പ്രസ്തുത അപേക്ഷകരുടെ അപേക്ഷകൾ എന്ന് പി. എച്ച്. ഇ.ഡി. യിൽ ലഭിച്ചു;

(ഡി) പ്രസ്തുത അപേക്ഷകരിൽ ആരുടെയെങ്കിലും അപേക്ഷ നിരസിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരുടെ; കാരണം എന്ത്;

(ഇ) 1970-71 കാലഘട്ടത്തിൽ പി. എച്ച്. ഇ. ഡി. യിലെ ജൂനിയർ എഞ്ചിനീയർ തസ്തികയിലേക്കുള്ള ഒഴിവുകൾ നോട്ടിഫൈ ചെയ്യുവാൻ വകുപ്പുമേധാവി പി. എസ്. സി. യോടു എന്നാണ് ആവശ്യപ്പെട്ടത്?

ഉത്തരം

(എ) ഉണ്ട്.

(ബി), (സി), (ഡി), (ഇ) പതിനൊന്ന് വർഷങ്ങൾ കഴിഞ്ഞിട്ടുള്ളതിനാൽ വിശദവിവരങ്ങൾ ലഭ്യമല്ല.

(മി. സ്പീക്കർ: ഓർഡർ, ഓർഡർ, ചോദ്യോത്തര സമയം കഴിഞ്ഞു.)

II. അടിയന്തിരപ്രമേയം

കോഴിക്കോട് കസ്ബാ പോലീസ് സ്റ്റേഷനിൽവച്ച് മർദ്ദനംമൂലം മൊയ്തീൻകുട്ടി ഹാജി എന്നൊരാൾ മരണമടഞ്ഞതിനെത്തുടർന്നുളവായിട്ടുള്ള സ്ഥിതിവിശേഷം

[9·30 a.m.] മി. സ്പീക്കർ: തിരൂർ താലൂക്കിൽപ്പെട്ട കൊടിഞ്ഞി സ്വദേശിയായ മൊയ്തീൻകുട്ടി ഹാജിയെന്ന ഒരാളെ കോഴിക്കോട് പട്ടണത്തിൽ വെച്ച് പോലീസ് പിടിച്ചുകൊണ്ടുപോവുകയും മർദ്ദിക്കുകയും ചെയ്തതിനെത്തുടർന്ന് അദ്ദേഹത്തെ മെഡിക്കൽ കോളേജ് അശുപത്രിയിൽ പ്രവേശിപ്പിക്കുകയും അവിടെവച്ച് മരണമടയുകയും ചെയ്തു. ഈ സംഭവത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി ഇന്നത്തെ സഭാനടപടികൾ നിറുത്തിവെക്കണമെന്നഭ്യർത്ഥിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് ശ്രീ. ഇ. അഹമ്മദ്, ശ്രീ. കെ. അവുക്കാദർകുട്ടി നഹ, ശ്രീ. പി. സീതി ഹാജി, ശ്രീ. ടി. എം. ജേക്കബ്ബ് എന്നിവർ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ): സർ, ഇതിനെക്കുറിച്ച് ഇവിടെ വന്നതിനുശേഷമാണ് വിവരം മനസ്സിലായത്. നേരത്തെ ഒരു പരാതി കിട്ടിയിരുന്നില്ല. അതുകൊണ്ട് ഇപ്പോൾ അന്വേഷിച്ച് കിട്ടിയിട്ടുള്ള വിവരങ്ങളാണ് ഞാൻ പറയുന്നത്.

ഈ മാസം 10-ാം തീയതി രാത്രി കോഴിക്കോട് ബസ് സ്റ്റേഷനു അടുത്തുള്ള കേരളാ ഫിനാൻഷ്യൽ എൻറർപ്രൈസസ് ലിമിറ്റഡ് ബിൽഡിംഗിന്റെ വരാന്തയിൽ കയറിക്കിടന്നിരുന്ന മൊയ്തീൻകുട്ടി ഹാജിയെ പി.സി. 2940 സംശയിച്ച് അറസ്റ്റ് ചെയ്തു കസ്റ്റഡി സ്റ്റേഷനിൽ കൊണ്ടുപോയി. അവിടെനിന്നും കേരളാ പോലീസ് ആക്ട് 4-ാം വകുപ്പനുസരിച്ച് ഒരു പെറ്റി കേസ് എടുത്ത് കോടതിയിൽ ഹാജരാക്കി. ജാമ്യത്തിന് ആരുമുണ്ടായിരുന്നില്ലെന്നുള്ളതുകൊണ്ട് അദ്ദേഹത്തെ സബ് ജയിലിലേക്ക് അയച്ചു. സബ് ജയിലിൽവച്ച് അദ്ദേഹത്തിനു അസുഖം വന്നതുകൊണ്ട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ആ വിവരം അദ്ദേഹത്തിന്റെ ജ്യേഷ്ഠനെ ടെലഗ്രാം കൊടുത്ത് അറിയിക്കുകയും ചെയ്തു. അന്നു മുതൽ 13-ാം തീയതിവരെ ജ്യേഷ്ഠൻ അദ്ദേഹത്തോടൊപ്പം ആശുപത്രിയിൽ ഉണ്ടായിരുന്നു. എന്നാൽ 13-ാം തീയതി രാത്രി 12.45-ന് ആണ് ഹാജി മരിച്ചത്. ജ്യേഷ്ഠന്റെ സ്റ്റേറ്റ്മെന്റ് എടുത്ത് ഇതുസംബന്ധിച്ച് ഒരു കേസ് എടുത്തിട്ടുണ്ട്. സ്റ്റേറ്റ്മെന്റിൽ അദ്ദേഹം ഒരു മാനസിക രോഗിയായിരുന്നുവെന്ന് ജ്യേഷ്ഠൻ സമ്മതിക്കുന്നുണ്ട്. ആർ.ഡി.ഒ. യുടെ കൽപ്പനപ്രകാരം ഇൻക്വസ്റ്റ് തയ്യാറാക്കിയശേഷം മൃതദേഹം ജ്യേഷ്ഠനു വിട്ടുകൊടുത്തു. ഇതാണ് ഇപ്പോൾ കിട്ടിയ വിവരം. ഇതിനെക്കുറിച്ച് കൂടുതൽ അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട മന്ത്രി ഇതിനെക്കുറിച്ച് അന്വേഷണം നടത്തുമ്പോൾ ഒന്നുരണ്ട് കാര്യങ്ങൾകൂടി ശ്രദ്ധിക്കണമെന്നു പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. മരണപ്പെട്ട ശ്രീ. ഹാജി വളരെ പ്രധാനപ്പെട്ട ഒരു കുടുംബാംഗവും നിയമം അനുസരിക്കുന്ന മാന്യനായ മനുഷ്യനും ആയിരുന്നു. അദ്ദേഹം ഡോക്ടറെ കാണാനായിരുന്നു കോഴിക്കോട്ട് പോയത്. അദ്ദേഹം തിരിച്ച് വരാത്ത വിവരം അറിയാൻ വളരെ പാടുപെട്ടു. അതിനുശേഷമാണ് പോലീസ് അദ്ദേഹത്തെ പിടിച്ചുകൊണ്ട് പോവുകയും അതികഠിനമായി മർദ്ദിക്കുകയും ചെയ്തശേഷം ആശുപത്രിയിൽ പ്രവേശിപ്പിച്ച വിവരം അറിഞ്ഞത്. പോലീസ് മർദ്ദനം സഹിക്കവയ്യാത്ത അദ്ദേഹത്തെ രോഗിയെന്ന നിലയിലാണ് സബ്ജയിലിൽനിന്നും ബന്ധപ്പെട്ട അധികാരികൾ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. അദ്ദേഹം കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ തന്നെ പോലീസ് കസ്റ്റഡിയിലായിരുന്നു. അപ്പോഴാണ് അദ്ദേഹം മരണപ്പെട്ടത്. നിരപരാധിയായ ഈ മനുഷ്യനെ പോലീസ് അതിക്രൂരമായി മർദ്ദിച്ചതിന്റെ അടിസ്ഥാനത്തിലാണ് മരണപ്പെട്ടത്. ഈ സംഭവത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി വേണ്ട അന്വേഷണം നടത്താമെന്ന് ഉറപ്പുനൽകി. പക്ഷേ ഒരു കാര്യം പറയുകയാണ്; അതായത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ സസ്പെൻഡ് ചെയ്തുകൊണ്ട് അന്വേഷണം നടത്തിയാൽ മാത്രമേ ആ അന്വേഷണം വിജയപ്രദമാകൂ. സാധാരണ

LIBRARY ARCHIVES Kerala Legislative Assembly

പൗരനു് സമാധാനത്തോടുകൂടി ജീവിക്കാനുള്ള അന്തരീക്ഷം നശിപ്പിക്കുന്ന പോലീസ് ഉദ്യോഗസ്ഥൻമാരെ നിലയ്ക്കു് നിറുത്തുവാൻ ഈ വൈകീയ വേളയിലെങ്കിലും ബഹുമാനപ്പെട്ട മന്ത്രി മുമ്പോട്ടു് വരണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇതിനെക്കുറിച്ചു് അന്വേഷിച്ചു് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണു്.

ശ്രീ. കെ. കരുണാകരൻ: ഇതിനെക്കുറിച്ചു് പ്രത്യേക തരത്തിലുള്ള ഒരന്വേഷണം നടത്തുമോ, അതോ സാധാരണ നിലയിലുള്ള അന്വേഷണം നടത്തുമോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: കാര്യമായ അന്വേഷണം നടത്തുന്നതാണു്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ ഈ അടിയന്തിര പ്രമേയത്തിനു് അനുമതി നൽകുന്നില്ല.

III. ശ്രദ്ധ ക്ഷണിക്കൽ

(1) കൊഫാർമ കമ്പനി കടമായി വാങ്ങിയ കൊക്കോയ്ക്കു് വില നൽകാത്തതുമൂലം ഉളവായിട്ടുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. പി. സി. ജോർജ്: സർ, കഴിഞ്ഞ ഒന്നരവർഷംകൊണ്ടു് കൊക്കൊ കർഷകരിൽനിന്നും 1980-ൽ കമ്പനീസ് ആക്ടു് അനുസരിച്ചു് രജിസ്റ്റർ ചെയ്ത ഒരു കമ്പനിയായ 'കൊഫാർമ' എന്ന കമ്പനി കടമായി കൊക്കൊ വാങ്ങിക്കൊണ്ടിരിക്കുകയാണു്. മീനച്ചിൽ താലൂക്കിലെ പതിനാറു് ഏജൻറുമാരിൽനിന്നും 19 ലക്ഷം രൂപയുടെ കൊക്കൊ ഈ കമ്പനി വാങ്ങിയിട്ടുണ്ടു്. എന്നിട്ടു് ഇതേവരെ ഒരു നയാപൈസപോലും കൊക്കൊ കൃഷിക്കാർക്കു് നൽകിയിട്ടില്ല. ഈ സംസ്ഥാനത്തു് എവിടെയെല്ലാം കൊക്കൊ ഉൽപ്പാദിപ്പിക്കുന്നുണ്ടോ അവിടെ നിന്നെല്ലാം ഇവർ കൊക്കൊ വാങ്ങാറുണ്ടു്. കോതമംഗലത്തു് ഉള്ള ഏജൻറിൽനിന്നും കൊക്കൊ വാങ്ങിയ വകയിൽ 3 ലക്ഷം രൂപ ലഭിക്കാനുണ്ടു്. സർ, ഈ കൊഫാർമ എന്ന സ്ഥാപനം ആരംഭിക്കുന്നതിൻറെ ആലോചനായോഗം കോട്ടയത്തു് ഭരണകക്ഷിയിൽപ്പെട്ട ഒരു പാർട്ടിയുടെ സംസ്ഥാന കമ്മിറ്റി ഓഫീസിൽ വച്ചാണു് നടന്നതു്. അതുകൊണ്ടു് കൃഷിക്കാർ കൊഫാർമയിൽ വിശ്വാസമർപ്പിച്ചു. ഇതിൻറെ മാനേജിംഗ് ഡയറക്ടറായ കെ. എ. ജോസഫ് എന്നു പറയുന്ന ആൾ മദ്രാസിലെ ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറിൽനിന്നും അഴിമതിയാരോപണത്തിൻറെ പേരിൽ പിരിച്ചുവിടപ്പെട്ട ആളാണു്. സർ, എൻറെ അറിവു് ശരിയാണെങ്കിൽ കൊഫാർമ എന്നു പറയുന്ന സ്ഥാപനം കൊക്കൊ കർഷകർക്കു് ഒരു കോടിയിൽപ്പരം രൂപ കൊടുക്കാനുണ്ടെന്നാണു് തോന്നുന്നതു്. അപ്പോൾ ഗവൺമെൻറിനു് ഇതിൽ യാതൊരു ഉത്തരവാദിത്വവും ഇല്ലെന്നു പറഞ്ഞു് ഒഴിഞ്ഞുമാറാൻ സാധ്യമല്ല. കമ്പനീസ് ആക്ടു് അനുസരിച്ചു് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഒരു സ്ഥാപനമാണിതു്. സ്വാഭാവികമായും കർഷകർക്കു് വിശ്വാസം ജനിക്കത്തക്കരീതിയിലുള്ള ആളുകളാണു് ഇതിൻറെ നേതൃസ്ഥാനത്തു് ഇരിക്കുന്നതു്,

LIBRARY ARCHIVES Kerala Legislative Assembly